**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **07-06-2021 - ല്‍ മറുപടിയ്ക്ക്**

**ആരോഗ്യ മേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ ഉല്‍പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുല്‍ ഹമീദ് മാസ്റ്റര്‍ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പശ്ചാത്തലത്തില്‍ ആരോഗ്യ മേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങള്‍ വിപുലമായി പൊതുമേഖലയില്‍ ഉല്‍പാദിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 19/05/2020 ലെ സ.ഉ. (സാധാ) നം 323/2020-വ്യവ ഉത്തരവ് പ്രകാരം കോവിഡ് - 19 പ്രതിരോധ പ്രവര്‍ത്തനങ്ങളുടെ ഭാഗമായി മെഡിക്കല്‍ ഉപകരണങ്ങളുടെ നിര്‍മ്മാണവുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല കമ്മിറ്റി വ്യവസായ വകുപ്പ് പ്രിന്‍സിപ്പല്‍ സെക്രട്ടറിയുടെ അദ്ധ്യക്ഷതയില്‍ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. 19/05/2020 ലെ സ.ഉ. (സാധാ) നം 323/2020-വ്യവ ഉത്തരവ് പ്രകാരം കോവിഡ് - 19 പ്രതിരോധ പ്രവര്‍ത്തനങ്ങളുടെ ഭാഗമായി മെഡിക്കല്‍ ഉപകരണങ്ങളുടെ നിര്‍മ്മാണവുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല കമ്മിറ്റി വ്യവസായ വകുപ്പ് പ്രിന്‍സിപ്പല്‍ സെക്രട്ടറിയുടെ അദ്ധ്യക്ഷതയില്‍ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം ഉപകരണങ്ങള്‍ ഏതെല്ലാം സ്ഥാപനങ്ങളില്‍ ഉല്‍പാദിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോര്‍പ്പറേഷന്‍ 2021-22 സാമ്പത്തിക വര്‍ഷം മെഡിക്കല്‍ ഉപകരണങ്ങളുടെ നിര്‍മ്മാണത്തിനായി പ്രത്യേക പരിഗണന നല്‍കിവരുന്നുണ്ട്. ഇതിനായി തുക വകയിരുത്തുകയും കൂടാതെ കോര്‍പ്പറേഷന്‍ തലത്തില്‍ പദ്ധതി രേഖ തയ്യാറാക്കിയും വരുന്നു. 01/06/2020 ന് ചേര്‍ന്ന ഉന്നതതല കമ്മിറ്റിയുടെ യോഗ തീരുമാന പ്രകാരം കോവിഡ് 19 പ്രതിരോധത്തിനായി കെ.എസ്.ഡി.പി., മെഡിക്കല്‍ ഉപകരണങ്ങളുടെ നിര്‍മ്മാണത്തിനു വേണ്ടി തിരുവനന്തപുരം ശ്രീ. ചിത്തിര തിരുനാള്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഫോര്‍ മെഡിക്കല്‍ സയന്‍സ് ആന്റ് ടെക്നോളജിയുമായും കോഴിക്കോട് NIT-യുമായും ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഇതിന്റെ |

അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ 23 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ജില്ലാ പഞ്ചായത്ത് മുഖേന 23 സ്വാബ് കളക്ഷൻ ബൂത്തും, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, ആലപ്പുഴ കളക്ടറേറ്റ് എന്നിവിടങ്ങളിലേക്ക് UV Disinfection Booth – ഉം നിർമ്മിച്ച് വിതരണം ചെയ്തിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് സാധാരണ ജനങ്ങൾക്ക് വീണ്ടും കഴുകി ഉപയോഗിക്കാവുന്ന ഒരു ലെയർ തുണി മാസ്കുകളും വൈറസിനേയും ബാക്ടീരിയകളേയും തടയുവാനും അവയെ നിർവീര്യമാക്കുവാനും തുണിയിൽ പ്രത്യേകം ആന്റിമൈക്രോബിയൽ ട്രീറ്റ്മെന്റുകൾ നടത്തിയ മൂന്ന് ലെയറും തുണി മാസ്കുകളും തയ്യാറാക്കി വിപണിയിൽ കോപ്പറേഷൻ യഥാക്രമം 2020 ജൂൺ മാസത്തിലും, 2020 നവം ബർ മാസത്തിലും ഇറക്കുകയുണ്ടായി. ആരോഗ്യ സുരക്ഷാ ഉപകരണങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ നോൺ വോവൻ (Non woven) ഫാബ്രിക്കിന്റെ ഉൽപ്പാദന യൂണിറ്റ്, കോമളപുരം സ്പിന്നിങ് & വീവിങ് മില്ലിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് വ്യവസായ വകുപ്പ് ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 3.79 കോടി രൂപ റിലീസ് ചെയ്ത് പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. കോവിഡ് 19 പടർന്നു പിടിക്കുന്ന ഈ സാഹചര്യത്തിൽ കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ നെയ്ത്തുകാർ ഉൽപാദിപ്പിച്ച തുണിത്തരങ്ങൾ ഉപയോഗിച്ച് ഹോസ്പിറ്റൽ ബെഡ്ഷീറ്റുകൾ, മാസ്കുകൾ എന്നിവ ഉൽപാദിപ്പിച്ച് വിപണനം ചെയ്തുവരുന്നുണ്ട്. നിലവിൽ കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളായ Syringe Pump, Suction Apparatus, Oxygen Cylinder with stand and flow meter & Humidifier Flow Meter, Flow Meter , Trolly (Oxygen), Oxygen Cylinder – B type, Laryngoscope, Fumigation Dispensor, Crash Cart, Defibrillator – Biphasic, Vertical Autoclave, Oxygen Concentrator (5L), Laryngoscope, Fumigation Dispensor, Crash Cart, Defibrillator – Biphasic, Vertical Autoclave, High Flow nasal Cannula Therapy, Oxygen Cylinder – D Type, C.Pap-Ventilator, Infrared Thermometer മുതലായ ഉപകരണങ്ങൾ സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് വിതരണം ചെയ്യുന്നത്. ആതുര ശുശ്രൂഷയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളും

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളും നിർമ്മിക്കുന്നതിന് ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളായ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, വി.എസ്. എസ്.സി., ഇലക്ട്രോണിക്സ് റീജിയണൽ ടെസ്റ്റ് ലബോറട്ടറി, സർവ്വകലാശാലകൾ, മറ്റ് ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 10 കോടി രൂപ വകയിരുത്തിക്കൊണ്ട് 2021-22 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ